2007 സെപ്തംബർ 27ന് തിരുവനന്തപുരത്ത് നടന്ന ജല അതോറിറ്റി ശാക്തീകരണ ചർച്ച ഉയർത്തുന്ന സൂചനകൾ, ആശങ്കകൾ.

# കേരളത്തിലെ ജലമേഖലാ പരിഷ്കരണം എങ്ങോട്ട്?

സി.എ. വിജയചന്ദ്രൻ

"Government is contrivance of human wisdom to provide for human wants" - Burke.

കുടിവെള്ളം മനുഷ്യന്റെ ഏറ്റവും അനിവാര്യമായ ഒരാവശ്യമാണ്. ജനതയുടെ കുടിവെള്ളാവശ്യങ്ങൾ തൃപ്തികരമായി നിറവേറ്റത്തക്ക വിധമുള്ള ജലവിതരണ സംവിധാനം പടുത്തുയർത്തുകയും കാര്യക്ഷമമായി നടത്തിക്കൊണ്ടുപോകുകയെന്നതും വർത്തമാനകാല സർക്കാരുകളുടെ മുഖ്യ കടമകളിലൊന്നായിമാറുന്നു. ജലം ജനങ്ങളുടെ മൗലികാവകാശമാണെന്ന മാനിഫെസ്റ്റോയുമായി അധികാരത്തിൽ വന്ന ഒരു സർക്കാരിന്റെ പ്രതിജ്ഞകൾക്ക് ഇണങ്ങുന്ന തരത്തിലായില്ല കഴിഞ്ഞ വർഷം സെപ്തംബർ 29, 30 തിയ്യതികളിൽ ബഹുജനസമക്ഷം അവതരിപ്പിച്ച സംസ്ഥാന ജലനയം എന്ന വിമർശനം നിലനിൽക്കെയാണ് ഇക്കഴിഞ്ഞ സെപ്തംബർ 27-ന് സംസ്ഥാനത്തെ മുഖ്യജലവിതരണ ഏജൻസിയായ ജല അതോറിറ്റിയുടെ ശാക്തീകരണമെന്ന പേരിൽ തിരുവനന്തപുരത്ത് ബന്ധപ്പെട്ടവർക്കുവേണ്ടി സർക്കാർ നടത്തിയ ശില്പശാല.

ജെ.ബി.ഐ.സി. (ജപ്പാൻ കുടിവെള്ളപദ്ധതിയുടെ) പ്രവർത്തന പരിപാടിയിൽ ഉൾക്കൊള്ളിച്ച് സ്ഥാപനശാക്തീകരണത്തിനായി ഒരു ഘടകം ഏർപ്പെടുത്തിപ്പെട്ടിട്ടുണ്ട്. ഇതിനായി 35 കോടി രൂപ നീക്കിവെച്ചിട്ടുണ്ട്. മൂന്ന് പ്രധാന മേഖലകളാണ് സ്ഥാപനശാക്തീകരണ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

1. മാനേജ്മെന്റ് ഘടനയിലും പ്രവർത്തനരീതിയിലും സമയോചിതവും സമഗ്രവുമായ മാറ്റം
2. മാനവവിഭവശേഷി വികസനം
3. ആധുനിക വിവര സാങ്കേതികവിദ്യയുടെ വ്യാപനവും കാര്യക്ഷമവുമായ ഉപയോഗം. ഇതിൽ വിവര സാങ്കേതികവിദ്യയുടെ ഉപയോഗം മുൻനിർത്തിയുള്ള പ്രവർത്തനങ്ങൾക്ക് ഒരു ഐ.ടി. മാസ്റ്റർ പ്ലാനുണ്ടാക്കി 12.5 കോടി രൂപയുടെ സാധനസാമഗ്രികൾ സമാഹരിക്കാനുള്ള തീരുമാനങ്ങൾ പ്രാവർത്തികമാക്കിത്തുടങ്ങി. മറ്റൊരു പത്തുകോടി രൂപ വാഹനങ്ങൾ, അറ്റകുറ്റപണിയ്ക്കുള്ള ഉപകരണങ്ങൾ തുടങ്ങിയ വാങ്ങുന്നതിനായി നീക്കിവച്ചിരിക്കുന്നു. രണ്ട് ഘടകങ്ങളും വൻതോതിൽ പർച്ചേസ് നടത്തുന്നതിനും കമ്മീഷൻ തരപ്പെടുത്തുന്നതിനും സൗകര്യമുള്ളവതന്നെ. ബാക്കിയുള്ള 13 കോടി രൂപ മാനേജ്മെന്റ് നവീകരണത്തിലൂടെ സ്ഥാപനശാക്തീകരണത്തിനും മാനവശേഷി വിഭവവിനിയോഗവർദ്ധനക്കുമായി ഉദ്ദേശിക്കുന്നു.

സ്ഥാപനനവീകരണ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ കുടിവെള്ള മേഖലയിലെ പുതിയ നയങ്ങൾ, മേഖല പരിഷ്കരണം, പൊതു-സ്വകാര്യ പങ്കാളിത്തം, സ്വകാര്യവൽക്കരണം, സർക്കാരിതര ഏജൻസികൾ വഴിയുള്ള പദ്ധതി നിർവ്വഹണം എന്നിവയിലൂടെ ജലമേഖലയുടെ മൊത്തം അഴിച്ചുപണിയാണ് സർക്കാർ അർത്ഥമാക്കുന്നത്. 2005ൽ തന്നെ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ കൺസൽട്ടന്റായ ടി.ഇ.സി. കൺസോഷ്യം ഒരു രൂപരേഖ ജല അതോറിറ്റിക്ക് സമർപ്പിക്കുകയും അതോറിറ്റി അതംഗീകരിക്കുകയും കൺസൽട്ടന്റിന്റെ ആഭിമുഖ്യത്തിൽ വിവിധതലത്തിൽ ചർച്ചകൾ നടത്തുകയും ചെയ്തശേഷം സംസ്ഥാന തലത്തിൽ ക്രോഡീകരിച്ചുള്ള ചർച്ചകളുടെ ഭാഗമായിട്ടാണ് സെപ്തംബർ 27ന് നടത്തപ്പെട്ട ശില്പശാല.

കൺസൽട്ടിന്റെ പരിഷ്കരണ രൂപരേഖ എന്ന പേരിൽ ജല അതോറിറ്റി ബോർഡ് അംഗീകരിച്ചിട്ടുള്ളതാണ്. (തീരുമാനം 7100/തിയ്യതി 23-3-2006) ഇതിൽ ജലഅതോറിറ്റിയുടെ വിഷൻ & മിഷൻ, നയപരിപാടികൾ, വിവിധ സേവനങ്ങൾ എന്നിവ വെബ്സൈറ്റ് വഴി ജനങ്ങളിലെത്തിക്കുക, കമ്പ്യൂട്ടർവൽക്കരണം, മീറ്ററിംഗ് സംവിധാനം കുറ്റമറ്റതാക്കൽ, പദ്ധതികളുടെ നിർമ്മാണവും അറ്റകുറ്റപണികളും ശാസ്ത്രീയമാക്കൽ, ജലഗുണനിലവാരവിഭാഗത്തിന്റെ തന്നെ മേൽനോട്ടത്തിലാകും നടക്കുക. എന്നാൽ



**മൂലധനശക്തികളോട് പലിശയ്ക്ക് കടംകൊണ്ട വിലപ്പെട്ട 35 കോടിയുപയോഗിച്ച് വാട്ടർ അതോറിറ്റിയെ വ്യാപാരപരമായി എത്ര ശാക്തീകരിച്ചാലും വേണ്ടത്ര സർക്കാർ വിഹിതം ഈ മേഖലയിലേക്ക് നീക്കിവെക്കപ്പെടുന്നില്ലെങ്കിൽ ഈ പരിഷ്കരണനാടകങ്ങൾക്കൊക്കെ എന്തുണ്ട് ഫലം?**

ബാഹ്യമായ കൺസൾട്ടൻസി വൈദഗ്ദ്യം ഉപയോഗിച്ച് ജല അതോറിറ്റിയുടെ കോർപ്പറേറ്റ് പ്ലാനിങ്ങ്, വരുമാനരഹിതജലത്തിന്റെ ഉപയോഗം കുറയ്ക്കൽ, ആസ്തിനിർണ്ണയം, യൂട്ടിലിറ്റി മാനേജ്മെന്റ് വികസനം, പുനഃസംഘടന എന്നിവയും ലക്ഷ്യമിടുന്നു. 13 കോടി രൂപ ഈ വക കാര്യങ്ങൾക്കായി ചിലവിടാനും നീക്കിവെച്ചിരിക്കുന്നു. ഈ പരിഷ്കരണങ്ങളുടെയൊക്കെ ആകെത്തുക പുതിയ കൺസൾട്ടൻസിരാജ് വഴി കേരള വാട്ടർ അതോറിറ്റിയുടെ കോർപ്പറൈസേഷൻ നടപ്പിലാക്കുക എന്നതാണ്. ഇതിന് കാരണമായി പറയുന്നത് വർദ്ധിച്ചുവരുന്ന സ്വകാര്യവൽക്കരണ ഭീഷണിയെ നേരിടാൻ വേണ്ടി സ്ഥാപനത്തിന്റെ മത്സരശേഷി വർദ്ധിപ്പിക്കണമെന്നതാണ്.

ഇത്തരുണത്തിൽ ആന്റണി സർക്കാരിന്റെ കാലത്ത് (2002-2004) എ.ഡി.ബി. ലോണിന്റെ പേരിൽ ജലമേഖലയിലെ ഘടന പരിഷ്കരണം മുൻ നിർത്തി സംസ്ഥാന പ്ലാനിങ്ങ് ബോർഡിന്റെ ആഭിമുഖ്യത്തിൽ ജല അതോറിറ്റിക്ക് ബൃഹത്തായ പരിഷ്കരണ പരിപാടികൾ പ്ലാൻ ചെയ്തത് ഓർക്കേണ്ടതാണ്. ജല അതോറിറ്റിയെ സംബന്ധിച്ച് 2002ൽ സമഗ്രമായ ഒരു ധവളപത്രം തന്നെ പ്ലാനിങ്ങ് ബോർഡ് ഇറക്കുകയും വിശദമായ സ്ഥാപന പരിഷ്കരണ പരിപാടി നിർദ്ദേശിക്കുകയും ചെയ്തു. വമ്പിച്ച തോതിലുള്ള ജീവനക്കാരുടെ തസ്തിക വെട്ടിച്ചുരുക്കൽ നിർദ്ദേശങ്ങൾ അക്കാരണം പറഞ്ഞുകൊണ്ടുള്ള ജീവനക്കാരുടെ പ്രതിരോധസമരത്തിലും രാഷ്ട്രീയ-അസ്ഥിരാവസ്ഥ കൊണ്ടുള്ള നിശ്ചയദാർഢ്യമില്ലായ്മ കൊണ്ടും തീരെ പ്രാവർത്തികമാക്കാൻ കഴിഞ്ഞിരുന്നില്ല. Build - Neglect - Rebuild എന്നത് നാറാണത്ത് ഭ്രാന്തനേക്കാൾ ശേഷിയോടെ അനുവർത്തിക്കുന്ന ജലഅതോറിറ്റിയിൽ ഫലവത്തായ ഒരു ജനപക്ഷ പരിഷ്കാരവും ഇതുവരെ നടത്തപ്പെട്ടിട്ടില്ലെന്നതും മറ്റൊരു സത്യം!

പുതിയ പരിഷ്കാരത്തിലേക്ക് തന്നെ നമുക്ക് കടക്കാം. പണമില്ലാത്തവൻ കുടിവെള്ളം സ്വയം കണ്ടെത്തി ശേഖരിച്ച് കുടിക്കണമെന്ന കുടിവെള്ള രംഗത്തെ സ്വാശ്രയപദ്ധതിയായ ജലനിധി, ലോകബാങ്ക് ഇംഗിതത്തോടെ 4 ജില്ലകളിൽനിന്ന് 14 ജില്ലകളിലേയ്ക്കും വ്യാപിച്ചുകഴിഞ്ഞു. എ.ഡി.ബി. സാമ്രാജ്യത്വചരടുകളുള്ളതെന്ന് ആരോപിക്കപ്പെട്ട സുസ്ഥിരനഗരവികസനത്തിനുള്ള വായ്പ പദ്ധതിയിൽപ്പെടുത്തി നഗരജലവിതരണത്തിന് കളമൊരുങ്ങിക്കഴിഞ്ഞു. ഇതിനിടയിൽ ഏറെ വിവാദങ്ങൾക്കൊടുവിൽ കേരളം ചുമലിലേറ്റേണ്ടിവന്ന ജപ്പാൻ കുടിവെള്ള പദ്ധതിയുടെ മറവിൽ സ്ഥാപനശാക്തീകരണപ്പേര് പറഞ്ഞ് ഇപ്പോഴിതാ ജലമേഖലയിലൊരു പൊതുസ്ഥാപനത്തിന്റെ കോർപ്പറൈസേഷൻ ജ്ഞാനസ്നാനവും അരങ്ങേറാൻ പോകുന്നു. എല്ലാ സാമ്രാജ്യത്വ നയങ്ങളും എവിടെയും നടപ്പിലാക്കപ്പെടുന്നത് പരിഷ്കാരങ്ങൾ എന്ന മനോഹരമായ പേരിലാവുന്നത് സാർവ്വത്രികം! പാൽക്കായകച്ചവടക്കാരന്റെ വചോവിലാസത്തോടെ ഇത്തരം പരിഷ്കരണത്തെ ആദ്യം നമ്മെ അവർ ബോദ്ധ്യപ്പെടുത്തുന്നു. പിന്നെ "പ്രൊക്രൂസ്റ്റസിന്റെ" കട്ടിലിൽ പിടിച്ചൊരുകിടത്തലാണ്. ഫണ്ടൊക്കെ വേണ്ടത്ര ഇതിനൊക്കെ സുലഭം. പിന്നെ ബോധവൽകരണമായി, പ്രചാരണമായി, പഠനയാത്രകളായി, പഠനറിപ്പോർട്ടായി, കൺസൾട്ടൻസി കരാറായി. ട്രേഡ് യൂണിയൻ - രാഷ്ട്രീയ - ഭരണ നേതൃത്വങ്ങൾ ഒരുമിച്ചുനിന്നാൽ പൊതുമേഖലയ്ക്കിനി ഇവിടെ നാളുകളെണ്ണിക്കഴിയാനാവും വിധി. സ്ഥാപനത്തിന്റെ സാമ്പത്തിക പ്രതിസന്ധി എല്ലാറ്റിനും ഒരു മറയാക്കാം. കുപ്പിവെള്ള വില്പനപോലും ഇവിടെ സാധൂകരിക്കപ്പെടാം. സ്ഥാപനത്തിന് ലാഭവ്യവസ്ഥയിൽ നിലനിൽപ്പ് വേണ്ടേ? ജലം ഒരു വില്പനച്ചരക്കാകരുതെന്നത് ഇന്നലെവരെ പറഞ്ഞ ഒരു അബദ്ധം മാത്രം.


നവകോളനീകരണവും സാമ്പത്തിക അധിനിവേശങ്ങളും രാജ്യങ്ങളുടെയും, പ്രത്യയശാസ്ത്രങ്ങളുടെയും

അതിർത്തികൾ തകർത്തുകൊണ്ടും ജനങ്ങളുടെ പ്രതിരോധശേഷിയെ തന്നെ നിർവ്വീര്യമാക്കിക്കൊണ്ടും അവരുടെ ജലവും മണ്ണും സ്വന്തമാക്കുന്ന എത്രയോ ഉദാഹരണങ്ങൾ നമുക്ക് ചുറ്റും കാണാനുണ്ട്. ജീവിതത്തിന്റെ സമസ്തമേഖലകളിലേക്കും പടർന്നുകയറുന്ന കുത്തകവൽക്കരണം ജീവന്റെ അടിസ്ഥാനമായ ജലത്തിനുമേൽ പിടിമുറുക്കുന്നതിന്റെ ദൃഷ്ടാന്തമാണ് പദ്ധതി സഹായത്തിന്റെ മറവിൽ ജല അതോറിറ്റിയിൽ ഇപ്പോൾ നടക്കുന്ന പരിഷ്കരണങ്ങളെന്നും നമുക്ക് കാണാൻ കഴിയും. ജല അതോറിറ്റിയെ ജലവിതരണത്തിനുള്ള സർക്കാർ ഏജൻസി എന്നിടത്തുനിന്നും തന്ത്രപരമായ ആസൂത്രണം നടത്തി കാര്യക്ഷമമായ പ്രവർത്തനം നടത്തി വരുമാനം വർദ്ധിപ്പിച്ച് കോർപ്പറേറ്റ് സ്റ്റൈലിൽ എത്തിക്കുന്നതിന്റെ പൊരുൾ നാം ഇവിടെയാണ് വായിച്ചെടുക്കേണ്ടത്. മൂലധനശക്തികളുടെ വായ്പ വിതരണപദ്ധതികളുടെ പിന്നിൽ ഇതെല്ലാം ഒരുങ്ങുമ്പോൾ തൊഴിലാളി യൂണിയനുകളുടെ സമവായം കൂടിയുണ്ടെങ്കിൽ ശേഷം ചിന്ത്യം. ലോകബാങ്കും അതിന്റെ ഉൾകുരുക്കായ എഡിബിയും ആഗ്രഹിക്കുന്നതും ഇത്തരം ഘടനാപരമായ മാറ്റങ്ങളാണെന്നല്ലേ സത്യം. വെള്ളത്തെ ഒരു ചരക്കായി കണ്ട് ലാഭകരമായ വ്യവസായമായി സ്ഥാപനം നടത്തണമെന്നതാണത്രേ നയം. വരുമാന വർദ്ധനവിനായി കുടിവെള്ളം കുപ്പിയിലാക്കി വിപണിയിലിറക്കാൻ വരെ അതോറിറ്റി തയ്യാറായിരിക്കുകയാണ്.

ഇവിടെ രണ്ടു കാര്യങ്ങൾ പ്രസക്തമാകുന്നു. ഒന്ന്, ജലത്തെ ജനതയുടെ മൗലികാവകാശമാണെന്ന് അംഗീകരിക്കാൻ തയ്യാറാണെന്നത് ജലനയചർച്ചയിൽ നൽകിയ വാഗ്ദാനം (വാഗ്ദാനം മാത്രം) സർക്കാർ ജലവിതരണം ലാഭമുണ്ടാക്കുന്ന വ്യവസായമായി കണക്കാക്കണമെന്നറിയിക്കുന്നതാണോ പുതിയ പരിഷ്കരണനയം എന്നു വ്യക്തമാക്കണം. ജനങ്ങൾക്ക് വേണ്ടി ജലവിതരണമൊരുക്കുന്നത് പ്രതിഫലാർഹമല്ലാത്ത രാജധർമ്മമാണെന്ന് രാജഭരണകാലത്ത് പോലും വിശ്വസിച്ചിരുന്നു. ആരാധനാപരമായ ജനസേവനമാണ് ജലദാനമെന്ന് മതങ്ങളും പഠിപ്പിക്കുന്നു. ഗവൺമെന്റിന്റെ സേവനമേഖലയിൽ ജലവിതരണ സംവിധാനമേർപ്പെടുത്തി ജനസേവനപരമായി ജല അതോറിറ്റിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്ന തരത്തിലേക്കല്ലേ നമ്മുടെ പരിഷ്കാരങ്ങൾ വളരേണ്ടത്?

രണ്ട് - ജലം ഭുമിയിൽ ജീവിതത്തിന്റെ തന്നെ അടിസ്ഥാന വിഭവമാണെന്നിരിക്കെ, സർക്കാരിന്റെ വികസന പരിപ്രേഷ്യത്തിൽ വെള്ളത്തിന് ആദ്യപരിഗണന നൽകി ധനവിഭവം നീക്കിവെയ്ക്കുവാൻ ഭരണകൂടം തയ്യാറാകുമോ എന്ന ചോദ്യമുണ്ട്. ഇന്നിപ്പോൾ സർക്കാരിന്റെ അജണ്ടകളിൽ വളരെ താഴത്തെ പരിഗണന മാത്രമാണ് ശുദ്ധജലവിതരണത്തിന് നൽകിവരുന്നത്. സംസ്ഥാന ബഡ്ജറ്റിൽ വിദ്യാഭ്യാസത്തിനോ, ആരോഗ്യത്തിനോ നൽകുന്നതിന്റെ നാലിലൊന്നു പരിഗണനപോലും ശുദ്ധജലവിതരണത്തിനിന്നില്ല. ബഡ്ജറ്റ് വിഹിതത്തിന്റെ കേവലം 5%ൽ താഴെ മാത്രം വിഹിതം ജനങ്ങളുടെ മൗലികാവകാശമാകുന്ന കുടിവെള്ളത്തിന് നീക്കിവെയ്ക്കുമ്പോൾ പലവ്യഞ്ജന ഇടപാട് സർക്കാരിന് വേണ്ടി നടത്തി സ്ഥിരമായി നഷ്ടത്തിൽ നടത്തപ്പെടുന്ന സിവിൽ സപ്ലൈസ് കോർപ്പറേഷന് പോലും പ്രതിവർഷം 100 കോടിയിലേറെ രൂപയുടെ സർക്കാർ ധനസഹായം നൽകപ്പെടുന്നുണ്ടെന്നോർക്കണം. മൂലധനശക്തികളോട് പലിശയ്ക്ക് കടംകൊണ്ട വിലപ്പെട്ട 35 കോടിയുപയോഗിച്ച് വാട്ടർ അതോറിറ്റിയെ വ്യാപാരപരമായി എത്ര ശാക്തീകരിച്ചാലും വേണ്ടത്ര സർക്കാർ വിഹിതം ഈ മേഖലയിലേക്ക് നീക്കിവെക്കപ്പെടുന്നില്ലെങ്കിൽ ഈ പരിഷ്കരണ നാടകങ്ങൾക്കൊക്കെ എന്തുണ്ട് ഫലം? ഐതീഹ്യഭാവമുള്ള ഏപ്രൽ ഫൂൾ ദിനമായ ഒരു ഏപ്രിൽ ഒന്നിന് തുടക്കം കുറിക്കപ്പെട്ട ജല അതോറിറ്റി എന്നുമിങ്ങനെ ജനങ്ങളെ വിഡ്ഢികളാക്കി മുന്നോട്ട് പോകാനാകും വിധി. എന്തായാലും കോർപ്പറേറ്റ് മുഖം മിനുക്കൽ ഈ വിധം പൂർത്തിയാക്കി കഴിയുമ്പോൾ ഇടതുപക്ഷ സർക്കാരിന്റെ ജനപക്ഷമുഖമാവില്ല വാട്ടർ അതോറിറ്റിക്കുണ്ടാവുക എന്നത് സത്യം.

*സി. 37, ബി.എസ്.എൻ.എൽ. ക്വാർട്ടേഴ്സ്, പനമ്പിള്ളിനഗർ, കൊച്ചി-36.*



## അതിരപ്പിള്ളി : സർക്കാരിന് നോട്ടീസ്

അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി നടപ്പാക്കാനുള്ള ഇടതുസർക്കാരിന്റെയും കെ.എസ്.ഇ.ബി.യുടെയും വഴിവിട്ട ശ്രമങ്ങൾക്ക് കോതിയിൽനിന്ന് തടയിടാനാകുമെന്നാണ് മനുഷ്യസ്നേഹികളുടെ പ്രതീക്ഷ. ഇക്കഴിഞ്ഞ ദിവസം വാഴച്ചാൽ ആദിവാസി കോളനിയിലെ ഗീതയും ഒല്ലൂരിലെ മധുവും ഹൈക്കോടതിയിൽ നല്കിയ പൊതുതാൽപര്യ ഹർജി പരിഗണിച്ച് സർക്കാരിനും കെ.എസ്.ഇ.ബി.യ്ക്കും മറ്റു സ്ഥാപനങ്ങൾക്കും നോട്ടീസയക്കാൻ ഉത്തരവായി.

കുടിയൊഴിപ്പിക്കപ്പെടുന്ന ആദിവാസികളുടെ പുനരധിവാസത്തിലെ അവ്യക്തത അവരുടെ ജീവിക്കാനുള്ള അവകാശവും സുരക്ഷിതത്വവും സത്യവാങ്മൂലത്തിൽ പറയുന്നുണ്ട്. പദ്ധതി സംബന്ധിച്ച പരിസ്ഥിതി-സാമ്പത്തിക-സാങ്കേതിക പഠന റിപ്പോർട്ടിലെ തെറ്റായ അവകാശവാദങ്ങളും പൊതു തെളിവെടുപ്പിലെ പരിഗണനയില്ലായ്മയും മധുവിന്റെ ഹർജിയിൽ ഉന്നയിക്കുന്നുണ്ട്.

### അതിരപ്പിള്ളി-പാത്രക്കടവ് കൺവെൻഷൻ

നവംബർ 5 ന് കോഴിക്കോട് ടൗൺഹാളിൽ വടക്കൻ ജില്ലകളിലെ സാമൂഹ്യ പരിസ്ഥിതി പ്രവർത്തകരുടെ കൺവെൻഷൻ. സുഗതകുമാരി, സുകുമാർ അഴീക്കോട് തുടങ്ങിയവർ പങ്കെടുക്കുന്നു.

കുടുതൽ വിവരങ്ങൾക്ക് : പ്രൊഫ. ടി. ശോഭീന്ദ്രൻ, 9447885558
സമരസമിതിയുമായി ബന്ധപ്പെടാൻ : 9895977769, 9249898773, 9847283120